# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2905 07.12.2018 ലെ മറുപടി**

## ഭാരതപ്പുഴയ്ക്ക് സംരക്ഷണഭിത്തി

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ വെണ്ടല്ലൂർ പാടശേഖര സമിതി കൺവീനറുടെ അപേക്ഷയും പുറമണ്ണൂർ-പുറക്കളം പ്രദേശ വാസികളുടെ അപേക്ഷയിൻമേലും ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) വെണ്ടല്ലൂർ പാടശേഖര സമിതി കൺവീനറുടെ പരാതി തുടർ നടപടികൾക്കായി ബന്ധപ്പെട്ട മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട്. കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ പുറമണ്ണൂർ പ്രദേശവാസികളുടെ ആവശ്യ പ്രകാരം വി.സി.ബി.നിർമ്മിക്കുന്ന പ്രവൃത്തി 2019-2020 സ്റ്റേറ്റ് ബഡ്ജറ്റിൽ "കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ പാടശേഖരത്തിൽ, പെരുന്തോടിനു കുറുകെ കൊട്ടാണിയിൽ വി.സി.ബി.യുടെ നിർമ്മാണം" എന്ന പേരിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു |
| (ബി) കുറ്റിപ്പുറം പഞ്ചായത്തിലെ വിഷാരക്കൽ ദുർഗ്ഗാഭഗവതി ക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര ഇടിയുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;സംരക്ഷണഭിത്തി കെട്ടി ക്ഷേത്രം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 14/11/2018 ലെ മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന ജില്ലാ തല വിദഗ്ധസമിതിയുടെ 84-ാം നമ്പർ യോഗത്തിന്റെ നടപടി കുറിപ്പിൽ, പദ്ധതി പ്രദേശം സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയം നടത്തി സബ് കമ്മിറ്റി നിർദ്ദേശിച്ചതു പ്രകാരം എസ്റ്റിമേറ്റ് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് 20-ാം വാർഡ് മെമ്പർ ശ്രീമതി ഫസീന അഹമ്മദ് കുട്ടിയുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (സി) പ്രസ്തുത അപേക്ഷ പ്രകാരം കുറ്റിപ്പുറം പഞ്ചായത്തിലെ ചെമ്പിക്കൽ വി.സി.ബി. കം ബ്രിഡ്ജ് പുനർ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

| | |
|---|---|
| (ഡി) കോട്ടക്കൽ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട കുറ്റിപ്പുറം, മലപ്പുറം,ഇറിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ ഓഫീസുകളിൽ നിലവിലുള്ള പ്രൊപ്പോസലുകൾ ഏതെല്ലാം; ഇതിൽ എത്ര പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്; ഈ സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായ പദ്ധതികൾ ഏതെല്ലാം വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും കുറ്റിപ്പുറം മേജർ ഇറിഗേഷൻ അസിസ്റ്റൻറ് എഞ്ചിനീയർ/ മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസിൽ നിലവിലുള്ള പ്രോപ്പാസലുകളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു |
| (ഇ) എസ്റ്റിമേറ്റുകൾ മറ്റ് ഓഫീസുകളിലേക്ക് അയച്ചവ ഏതെല്ലാം; വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | KIIFB 2017-18 മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ കാങ്കക്കടവിൽ ഭാരതപ്പുഴക്കു കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം- അനുബന്ധം ബേങ്ക് സർവ്വെയിംഗ് | 1.94 | ഭരണാനുമതി നൽ കിയിട്ടു ണ്ട്. |
| 2 | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറക്കു സമീപം ചെങ്ങണക്കടവിന്റെ മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണപ്രവൃത്തി. | 35.00 | എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിന് പരിഗണിക്കുന്നതാണ്. |
| 3 | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്ത് (വാർഡ് 18) മല്ലൂർക്കടവിന് സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണപ്രവൃത്തി.(റീച്ച് 1 -50 മീ.) | 32.00 | |
| 4 | മലപ്പുറം ജില്ലയിൽ കൊടുമുടി വിഷ്ണു ക്ഷേത്രത്തിനു സമീപം തിരുവേഗപ്പുറ പാലത്തിനു താഴ്ഭാഗത്ത് തൂതപ്പുഴയുടെ വലതുകരസംരക്ഷണം(റീച്ച് 1-40 മീ.) | 33.50 | |
| 5 | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറക്കു സമീപം ചെങ്ങണക്കടവിന്റെ മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി. | 25.00 | പ്രവൃത്തി പുരോഗതിയിൽ |
| 6 | KIIFB 2017-18 മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ കാങ്കക്കടവിൽ ഭാരതപ്പുഴക്കു കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം | 10000 | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| 7 | മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം പഞ്ചായത്തിൽ നിള പാർക്കിനു സമീപം കുറ്റിപ്പുറം പാലത്തിനു താഴ്ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി. | 49.00 | എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിന് പരിഗണിക്കുന്നതാണ്. |
| 8 | മലപ്പുറം ജില്ലയിൽ ഇരിമ്പിളിയം പഞ്ചായത്തിൽ തൂതപ്പുഴക്കു കുറുകെ കൈതക്കടവിൽ ആർ.സി.ബി. യുടെ നിർമ്മാണം-ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി | 7.20 | ഐഡി.ആർ.ബിയിൽ നിന്നു സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. |
| 9 | മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം പഞ്ചായത്തിൽ രാങ്ങാട്ടൂരിൽ എരുമപ്പാറക്കു സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | 50.00 | ആർ.എം.എഫിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 10 | -ഇരിമ്പിളിയം പഞ്ചായത്ത് 4-ാം വാർഡിൽ തട്ടാൻക്കടവ് കൊടുമുടിയിൽ തൂതപ്പുഴയുടെ വലതുകര സംരക്ഷണം | തയ്യാറാക്കി വരുന്നു. | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിന് പരിഗണിക്കുന്നതാണ്. |
| 11 | കുറ്റിപ്പുറം പഞ്ചായത്തിൽ മിനി പമ്പക്ക് താഴ്ഭാഗത്ത് മദിരിശ്ശേരി എൽ.ഐ.സ്കീമിനും നിള പാർക്കിനും സമീപം ഭാരതപ്പുഴക്കു കുറുകെ ചെക്ക് ഡാം നിർമ്മാണം | | പര്യവേക്ഷണം നടത്തി ഡിസൈൻ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 12 | വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ വൈക്കത്തൂരിൽ പച്ചീരികുളത്തിന്റെ നിർമ്മാണം | | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

| | | | |
|---|---|---|---|
| 13 | ഇരിമ്പിളിയം പഞ്ചായത്തിലെ കൊടുമുടിയിൽ പഞ്ചായത്ത് കുളത്തിന്റെ പുനരുദ്ധാരണം | | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 14 | വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കായൽ കുളത്തിന്റെ പുനരുദ്ധാരണം | | |
| 15 | എടയൂർ പഞ്ചായത്തിൽ നടുങ്ങോട്ടു കുളത്തിന്റെ പുനരുദ്ധാരണം | | |
| 16 | കുറ്റിപ്പുറം പഞ്ചായത്തിൽ പൈങ്കണ്ണൂർ പാടശേഖരത്ത് കൊട്ടാണിയിൽ പെരുന്തോടിന് കുറുകെ വി.സി.ബി. നിർമ്മാണം | | |

മലപ്പുറം മേജർ അസിസ്റ്റൻറ് എഞ്ചനീയർ/ മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസിൽ നിലവിലുള്ള പ്രോപ്പാസലുകൾ ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| 1 | മലപ്പുറം ജില്ലയിലെ പൊന്മള ഗ്രാമപഞ്ചായത്ത് തെമ്പരമ്പ് വടക്കേകുണ്ട് കടലുണ്ടിപുഴയുടെ ഇടതുകര സംരക്ഷണം | 24 ലക്ഷം | ആർ.എം.എഫിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2 | കോട്ടക്കൽ .മുനിസിപ്പാലിറ്റിയിൽ കൂരിയാട് തോടിന് കുറുകെ അയ്യംകൊല്ലി പാടം എന്ന സ്ഥലത്ത് വിസി.ബി.നിർമ്മാണം | 75 ലക്ഷം | എം.ഐ.ക്ലാസ്സ് 1 ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| 3 | എടയൂർ പഞ്ചായത്തിലെ ഒടുങ്ങാട് കുളം പുനരുദ്ധാരണം<br>(പ്രൈസ് ഐ.ഡി.2018/2552/ഐ.എ.) കുളം പുനരുദ്ധാരണം<br><br>(പ്രൈസ് ഐ.ഡി.2018/2552/ഐ.എ.) കുളം പുനരുദ്ധാരണം | 5 ലക്ഷം | റെനൊവേഷൻ ഓഫ് ടാങ്ക്സ് ആൻറ് പോണ്ട്സ് ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്ക് നടപടി എടുത്തു വരുന്നു. |
| 4 | വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ കായൽ കുളത്തിന്റെ പുനരുദ്ധാരണം | 60 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |